# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി15-2427/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ആമുഖ കത്ത് സഹിതം)
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കോട്ടയം

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി15-2427/2022 തീയ്യതി: 23/12/2022

## കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീ യോഗേഷ് ആർ. ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അഗസ്റ്റിൻ സി. തേവർകുന്നേൽ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രൊഫ. റ്റോമിച്ചൻ ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. രജിത് ആർ | സെക്രട്ടറി | 01-04-2021 | 11-05-2021 |
| ശ്രീമതി അജിമോൾ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-05-2021 | 16-05-2021 |
| ശ്രീമതി എം.എസ് വിജയ | സെക്രട്ടറി | 17-05-2021 | 09-08-2021 |
| ശ്രീ. ഉത്തമൻ ബി. | സെക്രട്ടറി | 10-08-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. അഭിരാജ് എസ് | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| അനിതാ കെ വി | സി.ഡി.പി.ഒ ,പള്ളം (റിട്ടയേർഡ്) | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽകുമാർ വി ജി | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 09-08-2021 |
| ശ്രീ. അരുൺ പി ഡി | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 10-08-2021 | 15-11-2021 |
| ശ്രീ. ബാബുരാജ് സി പി | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 16-11-2021 | 31-03-2022 |
| ഡോ.വിനി ഇക് ബാൽ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി,അയർക്കുന്നം | 01-04-2021 | 31-03-2022 |
| ഡോ.ഓമന. കെ.കെ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, തോട്ടയ്ക്കാട് | 01-04-2021 | 31-03-2022 |
| ഡോ. അനുഷ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, പനച്ചിക്കാട് | 01-04-2021 | 31-03-2022 |
| ഡോ.നീത ആലീസ് പോൾ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, സചിവോത്തമപുരം | 01-04-2021 | 31-03-2022 |
| ശ്രീ.ശ്യാംകുമാർ ബി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി എസ് തമ്പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 30-11-2021 |

| | | | |
|---|---|---|---|
| ശ്രീമതി നസിയ സത്താർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്) | 01-12-2021 | 22-02-2022 |
| ശ്രീമതി കവിത വി ജെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 23-02-2022 | 31-03-2022 |
| ശ്രീമതി രേവതിക്കുട്ടി കെ ആർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 22-10-2021 |
| ശ്രീ മാർട്ടിൻ സനൽകുമാർ ജി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 23-10-2021 | 31-03-2022 |
| ഡോ.വിജിമോൾ | സീനിയർ വെറ്റിനറി സർജൻ,പരിയാരം | 01-04-2021 | 31-03-2022 |
| ശ്രീമതി ശാലിനി ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | വാർഷിക പദ്ധതിഅവലോകനം | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | സാമൂഹ്യ സുരക്ഷാപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മുൻകുറുകളുടെ വിശദാംശങ്ങൾ ഇനംതിരിച്ച് ക്രോഡീകരിച്ചിട്ടില്ല-കണക്കുകളിൽ അവ്യക്തത | 1-11 |
| 12 | 17.49 ലക്ഷം രൂപയുടെ കാർഷിക ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പട്ടിട്ടില്ല | 1-12 |
| 13 | തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ്-പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-13 |
| 14 | അയർക്കുന്നം സി എച്ച് സി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-14(എ) |
| 15 | സചിവോത്തമപുരം സി എച്ച് സി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-14(ബി) |
| 16 | പി.എം.എ.വൈ പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു. | 1-15 |
| 17 | ലാപ് ടോപ് വാങ്ങൽ - കെൽട്രോണിൽ നിന്നും തുക തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-16 |
| 18 | ബ്ലോക്ക് വിഹിതം കൈമാറൽ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-17 |
| 19 | കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ | 1-18 |
| 20 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-19 |
| 21 | സംയോജിത നീർത്തട പദ്ധതി(IWMP)-അവലോകനം | 1-20 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 30.03.2022 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 5984876 | 3,730,857/- |
| വരവ് | 191149172 | 69,232,525/- |
| ആകെ | 197134048 | 72,963,382/- |
| ചെലവ് | 194186500 | 68,428,799/- |
| നീക്കിയിരിപ്പ് | 2947548 | 4,534,583/- |

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 57,980,683/- രൂപയും ചെലവ് 64,735,868/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 6,755,185/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 71,683,797/- രൂപയും ബാധ്യതകളുടെ മൂല്യം 51,706,757/- രൂപയും ജനറൽ ഫണ്ട് 19,977,040/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
3. 320700204 എന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം ശീർഷകത്തിൽ PMAY ജില്ലാപഞ്ചായത്ത് വിഹിതം അക്കൗണ്ട് ചെയ്തിരിക്കുന്നു. ജില്ല പഞ്ചായത്ത് വിഹിതം ശീർഷകത്തിലായിരുന്നു ടി തുക അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.
4. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. വാടക വരവിന്റെ 2021-22 ഡി.സി.ബി., കുടിശിക ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
6. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
8. 42.72 ലക്ഷം രൂപ ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത വ്യക്തമല്ല.
9. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ തുടങ്ങിയവ ആസ്തിയായി ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്നു. ഭൂമിയുടെ മൂല്യം(Land) 31/03/2022 വരെയും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
10. പ്രോജക്ട് നം.39/22 പ്രകാരം വാങ്ങിയ 1,748,696/- രൂപയുടെ മോട്ടോറുകളും പെട്ടി-പറ തുടങ്ങിയ

കാർഷിക ഉപകരണങ്ങളും(Agricultural Machinary) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. 250100101 ശീർഷകത്തിൽ റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

11. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല.
12. 2021-22 അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കാതിരുന്നതിനാൽ B-18 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന 2.66 കോടി രൂപ അഡ്വാൻസിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
13. 118/22, 121/22 പ്രോജക്റ്റുകൾ പ്രകാരം വനിതാ വികസന കോർപ്പറേഷനിൽ നിക്ഷേപിച്ച 279,726/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപം 31/03/2022 ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.
14. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് കണക്കുകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽ വിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3,730,857/- |
| ഓഡിറ്റ് വർഷത്തെ വരവ് | 69,232,525/- |
| ആകെ | 72,963,382/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68,428,799/- |
| നീക്കിയിരിപ്പ് | 4,534,583/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,083,130/- |

## 1-4 ഗ്രാന്റ് വിനിയോഗം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22,408,291/- | 22,408,291/- | 20,552,594/- | 1,855,697/- | 91.72 |
| വികസന ഫണ്ട്-SCSP | 0 | 11,367,547/- | 11,367,547/- | 9,373,642/- | 1,993,905/- | 82.46 |
| വികസന ഫണ്ട്- TSP | 0 | 376,500/- | 376,500/- | 296,000/- | 80,500/- | 78.62 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 5,155,569/- | 5,155,569/- | 4,877,671/- | 277,898/- | 94.61 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 8,130,182/- | 8,130,182/- | 4,926,312/- | 3,203,870/- | 60.59 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 6,986,137/- | 6,986,137/- | 4,970,244/- | 2,015,893/- | 71.14 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 37,435/- | 859/- | 38,294/- | 22,492/- | 15,802/- | - |
| IWMP ഫണ്ട് | 1,843,888/- | 5,267,310/- | 7,111,198/- | 7,111,198/- | 0 | - |
| കേരളോത്സവം | 52,220/- | 0 | 52,220/- | 0 | 52,220/- | - |
| സംയുക്ത പ്രോജക്ട് ഗ്രാമപഞ്ചായത്ത്(C) | 100,000/- | 0 | 100,000/- | 100,000/- | 0 | - |
| സംയുക്ത പ്രോജക്ട് ഗ്രാമപഞ്ചായത്ത്(R) | 0 | 1,060,732/- | 1,060,732/- | 1,060,732/- | 0 | - |
| IAY | 109,992/- | 2,555/- | 112,547/- | 98,000/- | 14,547/- | - |
| ഗുണഭോക്തൃ വിഹിതം | 34,464/- | 60,000/- | 94,464/- | 0 | 94,464/- | - |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 50,512/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട്-General | 21,452,000/- | 956,291/- | 22,408,291/- |
| വികസന ഫണ്ട്-SCSP | 11,116,000/- | 251,547/- | 11,367,547/- |
| വികസന ഫണ്ട്-TSP | 296,000/- | 80,500/- | 376,500/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ്-Untied | 3,994,000/- | 1,074,384/-<br>പലിശ-87,185/- | 5,155,569/- |
| ധനകാര്യകമ്മീഷൻഗ്രാന്റ്-Tied | 5,991,000/- | 2,139,182/- | 8,130,182/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 6,890,000/- | 45,625/-<br>EVM-50,512/- | 6,986,137/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും(കാത്തലിക് സിറിയൻ ബാങ്ക് കളത്തിപ്പടി ശാഖ അക്കൗണ്ട് നം.030804155793190001) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 87,185/- രൂപ ടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 3,481,768/- രൂപയിൽ 2,858,285/- രൂപ ബാങ്കിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ട്രഷറി അലോട്ട്മെന്റായി ലഭിച്ച തുകയിൽ ചെലവഴിക്കാത്ത 623,483/- രൂപയാണ് പഞ്ചായത്തിന് ലാപ്സായത്.വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട്(SCSP), വികസന ഫണ്ട്(TSP), മെയിന്റനൻസ് ഗ്രാന്റ്(റോഡ്, നോൺറോഡ്) അധിക അലോട്ട്മെന്റായി ലഭിച്ച ഗ്രാന്റ് തുകകൾ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2021-22 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 87,185/- രൂപ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
4. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ടി ഫണ്ടുകളുടെ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല.

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും കണക്ക് സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷിക പദ്ധതിഅവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം.81898/DPC/DPO/KTM തീയതി 24.3.22 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വികസന സെമിനാർ | 15.2.21 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം | 22.01.21 |
| പദ്ധതിരൂപീകരണ ബ്ലോക്ക് ഗ്രാമസഭ | 5.2.21 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 3 | 3 | 1050000 | 1050000 | 100 |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 2 | 1 | 2930000 | 2298984 | 78.46 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 33 | 29 | 28572021 | 21669035 | 75.84 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 6 | 3 | 2646580 | 430086 | 16.25 |
| മെഡിക്കൽ ഓഫീസർ(കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) | 5 | 4 | 2550513 | 2549929 | 99.97 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 2475000 | 2475000 | 100 |
| മെഡിക്കൽ ഓഫീസർ(ഗവ.ഹോസ്പിറ്റൽ) | 1 | 1 | 300000 | 300000 | 100 |
| അസി.ഡയറക്ടർ(കൃഷി) | 2 | 2 | 2800000 | 2798696 | 99.95 |
| അസി.ഡയറക്ടർ/സീനിയർ വെറ്ററിനറി സർജൻ/ഡയറി | 4 | 4 | 2028800 | 2014874 | 99.31 |

| | | | | | |
|---|---|---|---|---|---|
| എക്സ്റ്റൻഷൻ ഓഫീസർ | | | | | |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 0 | 3048480 | 0 | 0 |
| അസി.എഞ്ചിനീയർ | 43 | 31 | 24434375 | 13646580 | 55.84 |
| ആകെ | 104 | 81 | 72835769 | 49233184 | 67.5 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷത്തെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് മൂന്ന് പ്രധാന ലക്ഷ്യങ്ങൾ മുൻ നിർത്തിയായിരുന്നു.മാലിന്യമുക്ത ബ്ലോക്ക്, തരിശുരഹിത ബ്ലോക്ക് , സംരംഭ സൗഹൃദ ബ്ലോക്ക് എന്നിവയായിരുന്നു ലക്ഷ്യങ്ങൾ .തരിശുരഹിത ബ്ലോക്ക് എന്ന ലക്ഷ്യത്തെ മുൻനിർത്തി 58 ഏക്കർ തരിശുനിലം കൃഷി ഭൂമിയാക്കാൻ സാധിച്ചു.സംരംഭ സൗഹൃദ ബ്ലോക്ക് എന്ന ലക്ഷ്യപ്രാപ്തിയ്ക്കായി ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറെ നിർവ്വഹണത്തിന് ഏൽപിച്ച പ്രോജക്ടുകൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കാനായില്ല. മാലിന്യ മുക്ത ബ്ലോക്ക് എന്ന നിലയിൽ ഏറ്റെടുത്ത തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണത്തിനായി വിട്ടുകിട്ടിയ ആരോഗ്യ കേന്ദ്രങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് നം. 72/22 പ്രകാരം 554858/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ കമ്പോസ്റ്റ് യൂണിറ്റിന്റെ ആവശ്യകതയുണ്ടെന്ന് സ്ഥാപനം ആവശ്യപ്പെടാതെ തന്നെ അവിടെ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ആവശ്യകതാനിർണയം നടത്തി നടപ്പിലാക്കാൻ വർക്കിംഗ് ഗ്രൂപ്പുകളുടെ ശ്രദ്ധയുണ്ടാവേണ്ടതാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല -65ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല.അസി.എഞ്ചിനീയർ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് പ്രോജക്ടുകൾ പൂർണ്ണമായും തൻവർഷം നടപ്പാക്കാനായില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 43 പ്രോജക്ടുകളിൽ 12 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാൽ ബില്ലുകൾ പാസ്സാകാതിരുന്നതും മൂലം 6569478/- രൂപയുടെ പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 1855697 |
| എസ് സിപി | 1993905 |
| ടി എസ് പി | 80500 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 2015893 |
| സിഎഫ് സി ഗ്രാന്റ് | 623483 |
| ആകെ | 6569478 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി യോഗം ചേർന്നുവെങ്കിലും പദ്ധതി

നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് പ്രോജക്ട് പ്രകാരം തുക കൈമാറിയിരുന്നുവെങ്കിലും കൂടുതൽ പ്രോജക്ടുകളും നിലവിലും നടപ്പാക്കാതെ പ്രോജക്ട് തുക നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായിട്ടാണ് കാണുന്നത്. ഇക്കാര്യം ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ

തിരുവഞ്ചൂരിൽ സ്ഥിതിചെയ്യുന്ന സർക്കാർ വൃദ്ധസദനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തിന് 9 ലക്ഷം രൂപ ബി-ഫണ്ടായി അലോട്ട്മെന്റ് ലഭിച്ചു. 2021-22 വർഷം 899,998/- രൂപ ഈയിനത്തിൽ ചെലവഴിച്ചു.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2022 തീയതിയിൽ 03.15 പി. എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുകകൾ ലഭ്യമായിരുന്നില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പ്രോജക്ട് ഫയലുകൾക്കൊപ്പം ബന്ധപ്പെട്ട മോണിറ്ററിംങ്ങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല. ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്ന പദ്ധതികളിൽ ടി സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരം/വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.04.2022 | 2020-2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2016 | 2013-14, 2014- 15 | No.OA/HQ/II/II/12-328 /15-16/732 Dtd |

| | | | |
|---|---|---|---|
| | | | 24.02.2016 |

## 1-11 മുൻകൂറുകളുടെ വിശദാംശങ്ങൾ ഇനംതിരിച്ച് ക്രോഡീകരിച്ചിട്ടില്ല- കണക്കുകളിൽ അവ്യക്തത

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഇനങ്ങളിലായി നൽകിയ മുൻകൂറുകൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾ എന്നിവയുടെ മുന്നിരിപ്പ്, തൻവർഷം നല്കിയത്, മുൻകൂർ ക്രമീകരണം തുടങ്ങിയവ സാമ്പത്തിക വർഷം തിരിച്ച് ഓരോ ശീർഷകത്തിലെയും കണക്കുകൾ ചേർത്ത് ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ എല്ലാവിധ മുൻകൂറുകളും ഒന്നിച്ച് രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഓരോ ഇനത്തിലുമുള്ള മുൻകൂറുകളുടെ കണക്കുകളും ക്രമീകരിക്കലും സാമ്പത്തിക വർഷം പ്രകാരം ക്രോഡീകരിച്ചിട്ടില്ല. 2021-22 വർഷത്തെ കണക്കുകൾ ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| കണക്ക് ശീർഷകം | മുൻകൂർ ഇനം | മുന്നിരിപ്പ് | 2021-22 ൽ നല്കിയത് | 2021-22 ൽ ക്രമീകരിച്ചത് | 31/03/2022 ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 460100103 | തൊഴിലുറപ്പ് | 555,533/- | 697,731/- | 593,019/- | 660,245/- |
| 460500201 | ജല അതോറിറ്റി | 3,695,000/- | ഇല്ല | ഇല്ല | 3,695,000/- |
| 460500202 | കെ.എസ്.ഇ.ബി. | 4,165,041/- | 1,099,830/- | 2,372,097/- | 2,892,774/- |
| 460500204 | ഭൂജല വകുപ്പ് | 10,502,396/- | 2,300,000/- | 1,975,855/- | 10,826,541/- |
| 460500206 | അനർട്ട് | ഇല്ല | 1,920,600/- | ഇല്ല | 1,920,600/- |
| 460500399 | അംഗീകൃത ഏജൻസി | 8,445,120/- | 750,360/- | 2,639,388/- | 6,556,092/- |
| 460500501 | നിർവ്വഹണ ഉദ്യോഗസ്ഥർ | 794,275/- | ഇല്ല | 794,275/- | ഇല്ല |

2021-22 വർഷത്തെ മുൻകൂർ രജിസ്റ്ററിൽ മേൽപറഞ്ഞ ഓരോ ഇനങ്ങളുടേയും കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കാത്തതിനാൽ മുൻകൂർ ശീർഷകങ്ങളിലെ മുന്നിരിപ്പ്, ക്രമീകരണം എന്നിവയുടെ കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. മുൻകുറുകളുടെ ഓരോ ഇനത്തിലുള്ള മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല. ആയതിനാൽ ഏതൊക്കെ കാലയളവിലെ മുൻകൂർ/ഡെപ്പോസിറ്റ് തുകകളാണ് ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമല്ല.
2. 2021-22 വർഷം കെ.എസ്.ഇ.ബി., ഭൂജല വകുപ്പ്, അംഗീകൃത ഏജൻസി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നീ ഇനങ്ങളിലെ മുൻകൂറുകൾ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണോ ക്രമീകരിച്ചത് എന്നതിൽ വ്യക്തതയില്ല.
3. 119/22 നം. പ്രോജക്ട് പ്രകാരം 6 ലക്ഷം രൂപ ചെറുകിട ജലസേചന വകുപ്പിൽ (Minor Irrigation) നൽകിയത് നിക്ഷേപമായി അക്കൗണ്ട് ചെയ്തിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.
4. ഷീപാഡ് പ്രോജക്ടുകൾക്ക്(നം.118/22,121/22) 50% തുക മുൻകൂറായി വനിതാവികസന കോർപ്പറേഷന് നൽകിയ 279,276/- രൂപ മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രോജക്ട് നമ്പർ 115/22 പ്രകാരം നൽകിയ തുക മാത്രമാണ് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
5. 23/12/2021 ലെ 5-ാം നം. തീരുമാന പ്രകാരം ജല അതോറിറ്റി, കെ.എസ്.ഇ.ബി., ഭൂജല വകുപ്പ്, അനർട്ട്, ജലസേചനവകുപ്പ് എന്നീ ഏജൻസികളിൽ 2013-14 മുതലുള്ള നിക്ഷേപതുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നത് പഞ്ചായത്ത് ഭരണസമിതി വിലയിരുത്തി. എന്നാൽ ഇത് സംബന്ധിച്ച് രജിസ്റ്റർ പ്രകാരം കണക്ക് ക്രോഡീകരിച്ചിട്ടില്ല. അനർട്ട് ശീർഷകത്തിൽ മുന്നിരിപ്പുള്ളതായി കാണുന്നില്ല.

2021-22 വർഷത്തെ നിക്ഷേപ-മുൻകൂർ കണക്കുകൾ ഡെപ്പോസിറ്റ് രജീസ്റ്ററിൽ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്താതിരുന്നതിനാൽ കണക്കുകൾ പരിശോധിക്കാൻ സാധിച്ചില്ല. മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം മറുപടി ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.04/2021-22 /25.11.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ മുൻകൂർ

രജിസ്റ്റർ ഓരോ ശീർഷകങ്ങളുടെയും പ്രത്യേകമായി തയ്യാറാക്കേണ്ടതാണ്. 01/04/2021 ലെ മുന്നിരിപ്പ് വിശദാംശം മുൻവർഷങ്ങളിലെ ക്രമീകരിക്കാത്ത തുകയും എല്ലാ വിശദാംശങ്ങളും(വ്യക്തി/സ്ഥാപനം/ പ്രോജക്ട്/കാലയളവ്) ക്യാരി ഓവർ ചെയ്ത് തയ്യാറാക്കേണ്ടതും സാമ്പത്തിക വർഷത്തെ കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മുൻകൂർ രജിസ്റ്റർ എല്ലാ 2021-22 വർഷത്തെ ഇടപാടുകളും ചേർത്ത് പൂർത്തീകരിച്ച ശേഷം മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-12 17.49 ലക്ഷം രൂപയുടെ കാർഷിക ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പട്ടിട്ടില്ല

പ്രോജക്ട് നം.39/22

പ്രോജക്ട്-പാടശേഖര സമിതികൾക്ക് ജലസേചന സൗകര്യം ഉറപ്പുവരുത്തുക

ചെലവ് - 1,748,696/-(വികസന ഫണ്ട് -ജനറൽ)

അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) നിർവ്വഹിച്ച മേൽ പ്രോജക്ടിൽ ഒരു 20 HP Motor Pumpset, രണ്ട് 20 HP Motor,രണ്ട് 15 HP Motor ,രണ്ട് 20 HP പെട്ടി-പറ, രണ്ട് 15 HP പെട്ടി-പറ എന്നിങ്ങനെ കാർഷിക ഉപകരണങ്ങൾ 1,748,696/- രൂപ ചെലവഴിച്ച് വാങ്ങി വിവിധ പഞ്ചായത്തുകളിലെ 5 പാടശേഖര സമിതികൾക്ക് നിശ്ചിത കരാറിന്റെ അടിസ്ഥാനത്തിൽ നടത്തിപ്പ് അവകാശത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. കാർഷിക ഉപകരണങ്ങൾ ആസ്തി രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ പത്രികയിൽ 250100101- Agriculture And Related Sectors-Paddy-General ശീർഷകത്തിൽ റവന്യൂ ചെലവായിട്ടാണ് ടി പ്രോജക്ട് ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ 31/03/2022 ബാലൻസ് ഷീറ്റിലും ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം വാങ്ങിയ ആസ്തി ഉൾപ്പെട്ടിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായ 17.49 ലക്ഷം മൂല്യമുള്ള കാർഷിക ഉപകരണങ്ങൾ ആസ്തിയായി അക്കൗണ്ട് ചെയ്യാതിരുന്നതിനും ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.07/2021-22/25.11.2022) നൽകിയതിന് മറുപടിയായി ടി ഉപകരണങ്ങൾ ആസ്തിയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചു. പ്രോജക്ട് പ്രകാരമുള്ള കാർഷിക ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ആസ്തിയായി അക്കൗണ്ട് ചെയ്യേണ്ടതുമാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## 1-13 തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ്- പ്രവർത്തനക്ഷമമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം /പേര് | 72/22, വിട്ടുകിട്ടിയ ആരോഗ്യ കേന്ദ്രങ്ങളിൽ തുമ്പൂർമൂഴി മോഡൽ എയിറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ |
| ചെലവ്/ഫണ്ടിനം | 554858<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം. | 118600-135/22.01.22<br>436258 -195/14.03.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ ആരോഗ്യകേന്ദ്രങ്ങളായ കുറിച്ചി ഹോമിയോ ആശുപത്രി, പരിയാരം വെറ്ററിനറി പോളി ക്ലിനിക് എന്നിവിടങ്ങളിൽ ജൈവ മാലിന്യ സംസ്കരണത്തിന് തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതായിരുന്നു പ്രസ്തുത പ്രോജക്ട്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി സോഷ്യോ എക്കണോമിക് യൂണിറ്റുമായി കരാറിലേർപ്പെട്ട് 118600 രൂപ

സ്ഥാപനത്തിന് മുൻകൂറായും 436258 രൂപ യൂണിറ്റ് സ്ഥാപിച്ചതിന് ശേഷവും നൽകിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങളിൽ 26.11.2022 ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്ലാന്റിൽ ജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുകയോ പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. ഇതിൽ കുറിച്ചി ഹോമിയോ ആശുപത്രിയിലെ പ്ലാന്റിൽ ഡിസ്പോസിബിൾ ഗ്ലാസ് പോലുള്ള അജൈവ മാലിന്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ പ്ലാന്റിന്റെ പരിസരം പുല്ല് പിടിച്ച് കാട് കയറിയ അവസ്ഥയിലുമാണ്. നാളിതുവരെ പ്ലാന്റുകളിൽ ജൈവ മാലിന്യങ്ങൾ നിക്ഷേപിച്ചിട്ടില്ലാത്തതിനാൽ ആവശ്യകത ഉറപ്പാക്കിയാണോ മേൽ സ്ഥാപനങ്ങളിൽ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല. പ്ലാന്റുകൾ നാളിതുവരെ പ്രവർത്തനക്ഷമമാക്കാത്തതിനുള്ള വിശദീകരണവും പ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/28.11.22) പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്ലാന്റുകൾ പ്രവർത്തനക്ഷമമാകുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 554858 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ കൃത്യമായ ആവശ്യകത നിർണ്ണയിച്ച് മാത്രം ഇത്തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ് . മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-14(എ) അയർക്കുന്നം സി എച്ച് സി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, അയർക്കുന്നം സി എച്ച് സി നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | അയർക്കുന്നം സി എച്ച് സി മരുന്ന് വാങ്ങൽ / S 25/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി, അയർക്കുന്നം |
| അടങ്കൽ തുക | 350512/-<br>(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവഴിച്ച തുക | 350025/- |
| ബിൽ നം./തീയ്യതി/തുക | 17/07.07.21 – 2,80,269/-<br>50/17.09.2021 – 19,725/-<br>219/23.03.3022 – 50,031/- |

മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി മരുന്നുവാങ്ങലിനായി 350025/- രൂപ കെ.എം.എസ്.സി.എൽ ന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| 10566/28.12.2021 | 27,707/- |
| 10924/06.01.2022 | 85,082/- |
| 10925/06.01.2022 | 26,999/- |
| 12549/07.02.2022 | 18,275/- |
| 15098/28.10.2022 | 3773/- |
| 16002/04.11.2022 | 23,344/- |

| | |
|---|---|
| 14063/28.02.2022 | 17,611/- |
| 16178/05.11.2022 | 1590/- |
| 473/21-22 | 50,031/- |
| ആകെ | 2,05,905 /- |

95,613/- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുള്ളതായി കാണുന്നു. മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/26.11.2022) മരുന്നുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നല്കിയിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായുള്ള 95, 613/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14(ബി) സചിവോത്തമപുരം സി എച്ച് സി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, സചിവോത്തമപുരം സി എച്ച് സി നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/നം. | സചിവോത്തമപുരം സി എച്ച് സി മരുന്ന് വാങ്ങൽ / S 20/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>സി എച്ച് സി, സചിവോത്തമപുരം |
| അടങ്കൽ തുക | 300,000/-<br>(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവഴിച്ച തുക | 300,000/- |
| ബിൽ നം./തീയ്യതി/തുക | 97/06.12.2021 – 300,000/- |

മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി മരുന്നുവാങ്ങലിനായി 300,000/- രൂപ കെ.എം.എസ്.സി.എൽ ന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| 15346/30.03.2022 | 68,066/- |
| 154/08.04.2022 | 6,613/- |
| 6191/16.07.2022 | 72,180/- |
| 6193/16.07.2022 | 12,635/- |
| 6195/16.07.2022 | 34,710/- |
| 12358/28.09.2022 | 79,23/- |
| 16407/08.11.2022 | 3,778/- |
| ആകെ | 2,05,905 /- |

94,095/- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുള്ളതായി കാണുന്നു . മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.10/26.11.2022) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ മേൽ പ്രോജക്റ്റിനായുള്ള 94,095/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 പി.എം.എ.വൈ പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു.

പി.എം.എ.വൈ പദ്ധതിയിൽ വീട് നിർമ്മാണത്തിനായി 2021-22 വർഷം അനുമതി ലഭിച്ച 24 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. ബാക്കി 16 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട ഇടപെടലുകൾ പഞ്ചായത്ത് കമ്മിറ്റിയിൽനിന്നുണ്ടാകേണ്ടതുണ്ട്.

| ക്രമ നമ്പർ | പേര് | ഗ്രാമപഞ്ചായത്ത് | പൂർത്തിയാക്കിയ ഘട്ടം |
|---|---|---|---|
| 1 | കോമളം, വടശ്ശേരിപൊയ്ക | പുതുപ്പള്ളി | ലിന്റൽ |
| 2 | അംഭിക എം.കെ, മാങ്കൂട്ടത്തിൽ | പുതുപ്പള്ളി | ബേസ്മെന്റ് |
| 3 | നീതുമോൾ സുരേന്ദ്രൻ,കരുടൻമലയിൽ | അയർക്കുന്നം | റൂഫ് |
| 4 | സി.കെ. സത്യൻ,കല്ലംപറമ്പിൽ | കുറിച്ചി | റൂഫ് |
| 5 | നളിനിസജീവ്, പള്ളികിഴക്കതിൽ | പുതുപ്പള്ളി | ലിന്റൽ |
| 6 | മേഴ്സി ബിനു,മാമലശ്ശേരി | കുറിച്ചി | ലിന്റൽ |
| 7 | തുളസി, തടത്തിൽ | കുറിച്ചി | റൂഫ് |
| 8 | പുരുഷൻ, ചിറക്കരോട്ട് | കുറിച്ചി | റൂഫ് |
| 9 | പൊന്നമ്മ, ചാലക്കപ്പറമ്പ് | കുറിച്ചി | ലിന്റൽ |
| 10 | ബിന്ദു കുഞ്ഞുമോൻ,കുന്നത്ത്പറമ്പിൽ | അയർക്കുന്നം | അഡ്വാൻസ് തുക നൽകി |
| 11 | മിനി സുരേന്ദ്രൻ, കിഴക്കനത്ത് കരോട്ട് | അയർക്കുന്നം | റൂഫ് |
| 12 | രജിതമോൾ .കെ.കെ,പുത്തൻപറമ്പിൽ | കുറിച്ചി | അഡ്വാൻസ് തുക നൽകി |
| 13 | സുരേഷ്, പുത്തൻപറമ്പിൽ | പനച്ചിക്കാട് | ലിന്റൽ |
| 14 | വിജയമ്മ, വേളൂത്തറ | കുറിച്ചി | തുക നൽകിയിട്ടില്ല |
| 15 | അശോക് കുമാർ,കരിക്കാട്ടിൽ | അയർക്കുന്നം | അഡ്വാൻസ് തുക നൽകി |
| 16 | ഷൈൻ സബിത ഡാനിയേൽ,അയ്യംകുന്നേൽ | അയർക്കുന്നം | ലിന്റൽ |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ വേണ്ട ഇടപെടലുകൾ പഞ്ചായത്ത് കമ്മറ്റിയിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്.

1-16 ലാപ് ടോപ് വാങ്ങൽ - കെൽട്രോണിൽ നിന്നും തുക തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര് | 10/20 ,വി.ഇ.ഒ മാർക്ക് ലാപ് ടോപ് |
| ചെലവ് | 240505 |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെക്ക് നം. | 5410264/23.06.21 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം 5 ലാപ് ടോപ്പുകൾ വാങ്ങുന്നതിന് കെൽട്രോൺ നൽകിയ ഇൻവോയ്സ് പ്രകാരം 240505/- രൂപ കേരളാ സ്റ്റേറ്റ് ഐ റ്റി മിഷന് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലാപ് ടോപ്പുകൾ സപ്ലൈ ചെയ്ത സമയത്ത് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് (നം.ITGB/ITP/SRC/0284 /21-22/09.06.21) പ്രകാരം 231256 രൂപ മാത്രമാണ് ലാപ് ടോപ്പുകളുടെ വിലയായി രേഖപ്പെടുത്തിയിട്ടുള്ളത്. അധികമായി അനുവദിച്ച 9249 രൂപ കെൽട്രോണിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/26.11.2022) തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ സമർപ്പിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി അനുവദിച്ച 9249 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 ബ്ലോക്ക് വിഹിതം കൈമാറൽ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

2021-22 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 1/22 ,ഐ.കെ.എം വിഹിതം | 42715<br>വികസന ഫണ്ട്<br>(ജനറൽ) | 10/21-22/26.05.21 | ഐ.കെ.എം |
| 2 | 2/22, ലൈഫ് ഭവനപദ്ധതി-ജനറൽ | 3700000<br>വികസന ഫണ്ട്<br>(ജനറൽ) | 600000-7/22.6.21<br>980000-12/29.06.21<br>200000-23/16.7.21<br>800000-39/16.08.21<br>200000-57/20.09.21<br>320000-68/20.10.21<br>200000-77/03.11.21<br>400000-102/15.12.21 | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്- 600000<br>പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്- 1580000<br>കുറിച്ചി ഗ്രാമപഞ്ചായത്ത്- 1200000<br>അയർക്കുന്നം ഗ്രാമപഞ്ചായത്ത്- 320000 |
| 3 | 3/22, ലൈഫ് ഭവനപദ്ധതി-എസ്.സി | 2520000<br>എസ്.സി.പി | 160000-25/19.07.21<br>80000-51/17.09.21<br>700000-66/18.10.21<br>40000-69/20.10.21<br>360000-72/28.10.21<br>160000-80/10.11.21 | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്- 1120000<br>കുറിച്ചി ഗ്രാമപഞ്ചായത്ത്- 400000<br>അയർക്കുന്നം |

| | | | | |
|---|---|---|---|---|
| | | | 400000-87/25.11.21<br>240000-113/23.12.21<br>120000-119/10.01.22<br>260000-158/15.02.22 | ഗ്രാമപഞ്ചായത്ത്-1000000 |
| 4 | 8/22, ലൈഫ് ഭവനപദ്ധതി-എസ്.റ്റി | 296000 റ്റി.എസ്.പി | 60000-124/14.01.22<br>185000-76/02.11.21<br>51000-205/18.03.22 | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്-111000<br>പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്-185000 |
| 5 | 105/22 ജില്ലാ ആസൂത്രണസമിതി കെട്ടിട നിർമ്മാണം | 200000 വികസന ഫണ്ട് (ജനറൽ) | 31/21-22/20.09.21 | ജില്ലാ പ്ലാനിംഗ് ഓഫീസ് കോട്ടയം |
| 6 | 98/22, കരിക്കണ്ടം കുടിവെള്ള പദ്ധതി പൂർത്തീകരണം | 200000 വികസനഫണ്ട് (ജനറൽ) | 60/29.09.21 | കുറിച്ചി ഗ്രാമപഞ്ചായത്ത് |
| | ആകെ | 6958715 | | |

മേൽ തുകകളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/24.11.22) ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 6958715 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ

2021-22 വർഷം വിവിധ കുടിവെള്ള പദ്ധതികൾക്കായി 2547070 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക/ ഫണ്ടിനം | നിലവിലെ അവസ്ഥ |
|---|---|---|---|
| 77/22 | അയർക്കുന്നം പഞ്ചായത്തിലെ -നെടുങ്കരി Dwsപമ്പ് ഹൗസ് നിർമ്മാണം മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 269696 ധനകാര്യകമ്മീഷൻ ഗ്രാന്റ് | നെടുങ്കരി കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി മുൻവർഷത്തെ പദ്ധതിയിൽ കിണർ നിർമ്മിച്ചിരുന്നു. ആയതിന്റെ ബാക്കി പ്രവൃത്തികൾ ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു |
| 89/22 | അയർക്കുന്നം പഞ്ചായത്തിലെ | 294500 ധനകാര്യകമ്മീഷൻ | പനച്ചിക്കൽ കല്ലുക്കടവ് കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി |

| | | | | |
|---|---|---|---|---|
| | | പനച്ചിക്കൽ കല്ലുകടവ് കുടിവെള്ള പദ്ധതി | ഗ്രാന്റ് | കിണർ, പമ്പ്ഹൗസ്, പൈപ്പ് ലൈൻ എന്നിവ നിർമ്മിക്കുന്നതിനാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ചു ബാക്കി പ്രവൃത്തികൾ തുടർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| | 67/22 | പുതുപ്പള്ളി പഞ്ചായത്തിലെ തെങ്ങണാംകുഴി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 428120 ധനകാര്യകമ്മീഷൻ ഗ്രാന്റ് | പൈപ്പ് ലൈൻ നീട്ടുന്നതിന് പദ്ധതി ആവിഷ്കരിച്ചത്. പ്രവൃത്തി പൂർത്തീകരിച്ചു |
| | 88/22 | അയർക്കുന്നം പഞ്ചായത്തിലെ മെത്രാൻചേരി കുടിവെള്ള പദ്ധതി | 461544(ധനകാര്യ യകമ്മീഷൻ ഗ്രാന്റ്) 300000(ജില്ലാ പഞ്ചായത്ത് വിഹിതം) | അയർക്കുന്നം പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതിക്ക് വെള്ളം അധികമായി എത്തിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അതിനായി നിലവിലുണ്ടായിരുന്ന ചെറിയ കുളം ആഴംകൂട്ടി 1.5m ഉയരത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ബാക്കി ഭാഗം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് MLA SDF പ്രവൃത്തി ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |
| | 85/22 | അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ നെടുങ്കരി കുടിവെള്ള പദ്ധതി | 550,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 19210(തനത് ഫണ്ട്) | അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ നെടുങ്കരി കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി കിണർ നിർമ്മിക്കുന്നതിനാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി പൂർത്തീകരിച്ചു. അയർക്കുന്നം പഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതിക്ക് അധികമായി വെള്ളം എത്തിക്കുന്നതിനാണ് വേണ്ടിയാണ പദ്ധതി തയ്യാറാക്കിയത്. ബാക്കി പ്രവൃത്തികൾ തുടർ പദ്ധതിയായി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 58/22 | അയർക്കുന്നം ഗ്രാമപഞ്ചായത്ത് വാർഡ്7ലെ ഒറ്റപ്ലാക്കൽ കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മാണം | 224000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | നിലവിലുള്ള കുടിവെള്ള പദ്ധതിയ്ക്ക് ടാങ്ക്, Pipe Line Extension എന്നിവ ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. |
| | ആകെ | 2547070 | |

മേൽ പരാമർശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പൂർത്തീകരിച്ചവ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതും, പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കാൻ പ്രോജക്റ്റുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

1-19 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ /ചെക്ക് നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 12/22,വടവാതൂർ,പുതുപ്പള്ളി,മാങ്ങാനം ഡിവിഷനുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1920600 വികസന ഫണ്ട് (ജനറൽ)-1724085 തനത് ഫണ്ട് -196515 | 1724085-48/21-22 /20.12.21 196515-5432017/ 16.02.22 | അനെർട്ട് |
| 2 | 116/22,പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിൽ ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 550000 വികസന ഫണ്ട് (ജനറൽ) | 49/21-22/20.12.21 | കെ.എസ്.ഇ.ബി വാകത്താനം |
| 3 | 70/22, വിജയപുരം പഞ്ചായത്തിലെ വാർഡ് 12 ൽ ബോർവെൽ നിർമ്മാണം | 600000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 110/22.12.21 | ഭൂജല വകുപ്പ് |
| 4 | 71/22, വിജയപുരം പഞ്ചായത്തിലെ വാർഡ് 8 ൽ കുടിവെള്ള പദ്ധതി | 600000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 109/22.12.21 | ഭൂജല വകുപ്പ് |
| 5 | 17/22, എണ്ണയ്ക്കാച്ചിറ കുടിവെള്ള പദ്ധതി | 500000 വികസന ഫണ്ട്- എസ്.സി.പി | 32/21-22/20.09.21 | ഭൂജല വകുപ്പ് |
| 6 | 114/22, ചിരട്ടംപറമ്പിൽ കുടിവെള്ള പദ്ധതി | 600000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 190/11.03.22 | ഭൂജല വകുപ്പ് |

| | | | | |
|---|---|---|---|---|
| 7 | 119/22, പ്രാന്തൻ പത്തുകരി പാടശ്ശേഖരം-വാച്ചാൽ നിർമ്മാണം | 600000<br>വികസന ഫണ്ട്<br>(ജനറൽ) | 84/21-22<br>/14.03.22 | മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ കോട്ടയം |
| | ആകെ | 5370600 | | |

മേൽ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/24.11.22) ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 5370600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 സംയോജിത നീർത്തട പദ്ധതി(IWMP)-അവലോകനം

പള്ളം ബ്ലോക്ക് പഞ്ചായത്തിൽ 2013-14 വർഷം മുതൽ ആരംഭിച്ച Integrated Watershed Management Programme 2021-22 വർഷം പൂർത്തിയായി. പദ്ധതിയുടെ രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ പ്രകാരം 9 വർഷങ്ങൾ കൊണ്ട് 4.5 കോടി രൂപ ചെലവഴിച്ചു. 2021-22 വർഷത്തിൽ തോട് ആഴം കൂട്ടൽ, തോടിന് സംരക്ഷണഭിത്തി നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം എന്നീ പ്രോജക്ടുകളാണ് നിർവ്വഹിച്ചത്. ബാങ്ക് ഓഫ് ബറോഡ 06850100010648 നം. അക്കൗണ്ടിലാണ് IWMP ഫണ്ടിന്റെ വിനിമയം നടത്തുന്നത്. 2021-22 വർഷം ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,843,888/- |
| ഫണ്ട് വരവ് | 5,654,513/- |
| പലിശ | 63,233/- |
| ആകെ 2021-22 വരവ് | 7,561,634/- |
| 2021-22 പ്രോജക്ട് ചെലവ് | 5,572,597/- |
| ശമ്പളം | 189,767/- |
| തിരികെ അടവാക്കിയത്(Refund) | 1,799,270/- |
| നീക്കിയിരിപ്പ് | ഇല്ല |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഒക്ടോബർ 2021 മാസത്തിൽ പ്രോജക്ട് പൂർത്തീകരിച്ച ശേഷം ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ 08/10/2021 ലെ 23/SLNA2/2021 കത്തിലെ നിർദ്ദേശ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10/10/2021 ലെ 453/2019 നം. നടപടിക്രമം പ്രകാരം ഫണ്ട് നീക്കിയിരിപ്പ് 1,799,270/- രൂപ ഫണ്ട് ലഭ്യമാക്കിയ ഏജൻസിയുടെ അക്കൗണ്ടിലേക്ക് തിരികെ 16/10/2021 തീയതിയിൽ അടവാക്കിയ ശേഷം ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തു.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 24.11.2022-ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 12.74 ലക്ഷം രൂപയും വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 10.60 ലക്ഷം രൂപയും പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 196,000/- | പി.എം.എ.വൈ. (ജനറൽ) ഭവന പദ്ധതി(6/22) | 196,000/- | 0 |
| | 588,000/- | പി.എം.എ.വൈ. (ജനറൽ) ഭവന പദ്ധതി(107/22) | 588,000/- | 0 |
| | 490,000/- | പി.എം.എ.വൈ. (ജനറൽ) ഭവന പദ്ധതി(109/22) | 490,000/- | 0 |
| ആകെ | 1,274,000/- | ജില്ല പഞ്ചായത്ത് വിഹിതം | 1,274,000/- | 0 |
| വിവിധ | 700,000/- | പി.എം.എ.വൈ. | 700,000/- | 0 |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | | (ജനറൽ) ഭവന പദ്ധതി(107/22) | | |
| | 360,732/- | പി.എം.എ.വൈ. (ജനറൽ) ഭവന പദ്ധതി(109/22) | 360,732/- | 0 |
| ആകെ | 1,060,732/- | ഗ്രാമ പഞ്ചായത്ത് വിഹിതം | 1,060,732/- | 0 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.88/22 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച 3 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. മുന്നിരിപ്പ് വിശദാംശം ചേർത്ത് അപ്രോപ്രിയോഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലുള്ള ജില്ലാ പഞ്ചായത്ത് വിഹിതം തുകയുടെ കൃത്യത വ്യക്തമല്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്/നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | എണ്ണയ്ക്കാച്ചിറ കുടിവെള്ള പദ്ധതി S17/22 | 500000 | 0 | 500000 |
| | വിജയപുരം പഞ്ചായത്ത്, വാർഡ് 12 ൽ കുഴൽ കിണർ നിർമ്മാണം S70/22 | 600000 | 0 | 600000 |
| | വിജയപുരം പഞ്ചായത്ത്, വാർഡ് 8 ൽ കുഴൽ കിണർ നിർമ്മാണം S71/22 | 600000 | 0 | 600000 |
| | ചിരട്ടപ്പുറമ്പിൽ കുടിവെള്ള പദ്ധതി S114/22 | 600000 | 0 | 600000 |
| കെഎസ്ഇബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പനച്ചിക്കാട് പഞ്ചായത്ത് S116/22 | 550000 | 0 | 550000 |
| | നീറിക്കാട് ഡിവിഷനിൽ ലൈൻ എക്സ്റ്റൻഷൻ S120/22 | 229830 | 229830 | 0 |
| | നീറിക്കാട് ഡിവിഷനിൽ ലൈൻ എക്സ്റ്റൻഷൻ S120/22 | 320000 | 320000 | 0 |
| മൈനർ ഇറിഗേഷൻ | പ്രാന്തൻപത്തുകരിപ്പാടം സംരക്ഷണം S119/22 | 600000 | 0 | 600000 |
| അനെർട്ട് | വടവാളൂർ,പുതുപ്പള്ളി,മാങ്ങാനം ഡിവിഷനുകളിൽ സോളാർ | 19,20,600 | 0 | 19,20,600 |

| | | | | |
|---|---|---|---|---|
| | മിനി ഹൈമാസ്റ് ലൈറ്റ് S12/22 | | | |
| ആകെ | | 5920430 | 549830 | 5370600 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ബ്ലോക്ക് പഞ്ചാത്ത് ഫണ്ടിൽ നിന്നും 2021-22 വർഷം കൺവീനർ പ്രവൃത്തിൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയായി മുന്നിരിപ്പോ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയോ ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വരവ് ഇനം, രസീത് നം/തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 1999-00 | 28, 34 എ | 2003-04 | പേജ് 63 | 1)പനച്ചിക്കാട്- വെള്ളുവാക്കൽപ്പാടം സംരക്ഷണഭിത്തി 17,000- രൂപ<br>2) റോഡ് നിർമാണം (പനച്ചിക്കാട്- മലവേടർ കോളനി) നികുതി വിഹിതങ്ങൾക്കായി വകയിരുത്തിയ തുക കൺവീനർക്ക് നൽകി 19,600/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | സർച്ചാർജ് നോട്ടീസ് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2018-19 | 3-1 | 45,000/- | KSA.2797/Spl Cell/CS/C3/2020 തീയതി 24/09/2022 | ശ്രീ സന്തോഷ് ശിവാനന്ദൻ, (പട്ടികജാതി വികസന ഓഫീസർ) മോണിഷ് കോട്ടേജ്, കുന്നനാട്,പുഴനാട് പി.ഓ., തിരുവനന്തപുരം-695125 |

തുക അടവാക്കിയതിന്റെ വിവരം അറിയിക്കാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 11/10/2022 ലെ കെ.എസ്.എ.525/സ്പെ.സെൽ/സി.എസ്.സി./സി.3/2022 നം. കത്ത് പ്രകാരം പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. സെക്രട്ടറി 15/10/2022 ലെ ബി 220/2020 നം. കത്ത് പ്രകാരം തുക അടവാക്കാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥനെ അറിയിച്ചെങ്കിലും നവംബർ-2022 വരെയും തുക അടവാക്കിയില്ല. സർച്ചാർജ് ചെയ്ത 45,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 72,963,382/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68,428,799/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,083,130/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 554,858/- | ശ്രീ. ഉത്തമൻ ബി., സെക്രട്ടറി |
| 1-14(എ) | 95,613/- | ഡോ. വിനി ഇക്ബൽ<br>മെഡിക്കൽ ഓഫീസർ-CHC അയർക്കുന്നം |
| 1-14(ബി) | 94,095/- | ഡോ. നിത ആലീസ് പോൾ<br>മെഡിക്കൽ ഓഫീസർ-CHC സചിവോത്തമപുരം |
| 1-16 | 9,249/- | ശ്രീമതി എം. എസ്. വിജയ, സെക്രട്ടറി |
| 1-17(1) | 42,715/- | ശ്രീമതി എം. എസ്. വിജയ, സെക്രട്ടറി |
| 1-17(2) | 1,780,000/-<br>1,920,000/- | ശ്രീമതി എം. എസ്. വിജയ, സെക്രട്ടറി<br>ശ്രീ. ഉത്തമൻ ബി., സെക്രട്ടറി |

| | | |
|---|---|---|
| 1-17(3) | 1,60,000/-<br>2,360,000/- | ശ്രീമതി എം. എസ്. വിജയ, സെക്രട്ടറി<br>ശ്രീ. ഉത്തമൻ ബി., സെക്രട്ടറി |
| 1-17(4,5,6) | 6,96,000/- | ശ്രീ. ഉത്തമൻ ബി., സെക്രട്ടറി |
| 1-19 | 5,370,600/- | ശ്രീ. ഉത്തമൻ ബി., സെക്രട്ടറി |
| ആകെ | 13,083,130/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.കെ.പി1-819/01/12.06.2001 | - |
| 1997-98 | എൽ.എഫ്.കെ.പി1-37/08/09.07.2008 | - |
| 1998-99 & 1999-00 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 /812(1)/2018/07.05.2018 | 11 |
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 /812(2)/2018/07.05.2018 | 7 |
| 2002-03 | എൽ.എഫ്.കെ.പി1-980/05/11.10.2006 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 /812(3)/2018/07.05.2018 | 7 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 /812(4)/2018/07.05.2018 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 /812(5)/2018/07.05.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 /812(6)/2018/07.05.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 /812(7)/2018/07.05.2018 | 2 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 /812(8)/2018/07.05.2018 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18 | 5 |

| | | |
|---|---|---|
| | /812(9)/2018/07.05.2018 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/അദ318 /812(10)/2018/07.05.2018 | 4 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/അദ318 /812(11)/2018/07.05.2018 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/അദ318 /812(12)/2018/07.05.2018 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദ318 /812(13)/2018/07.05.2018 | 5 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/അദ318 /812(14)/2018/07.05.2018 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.15/1623 /18/18.01.2018 | 12 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.15/1849 /2018/29.10.18 | 5 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.15/176 /2020/05.05.20 | 10 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.15/525 /2022/12.09.22 | 13 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.15/526 /2022/12.09.22 | 17 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്